പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3657 25.06.2013 -ൽ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി ബസ്സുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ</u>**

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

ശ്രീ. എം. ഉമ്മർ : ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

<table>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി ബസ്സുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;</td><td>(എ)</td><td>ഉണ്ട്.</td></tr>
<tr><td>(ബി)</td><td>ഉണ്ടെങ്കിൽ ഇതിന്റെ കാരണ ങ്ങളെന്തൊക്കെയെന്ന് പരിശോധി ച്ചിട്ടുണ്ടോ ;</td><td>(ബി)</td><td>ഡ്രൈവർമാരുടെ അശ്രദ്ധയും അമിത വേഗതയും വാഹനങ്ങളുടെ സാങ്കേതിക തകരാറുമാണ് അപകടങ്ങളുടെ മുഖ്യ കാരണങ്ങൾ.</td></tr>
<tr><td>(സി)</td><td>ബസ്സുകൾക്ക് നല്കിയിരിക്കുന്ന കുറഞ്ഞ 'റണ്ണിംഗ് സമയമാണ്' ഇതിനു കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;</td><td rowspan="2">(സി) യും<br>(ഡി) യും</td><td rowspan="2">റോഡിന്റെ തരം, യാത്രാ തിരക്ക് എന്നിവ കണക്കിലെടുത്ത് സ്റ്റേജ് ക്യാരേജുകളുടെ റണ്ണിംഗ് സമയം സംബന്ധിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കണമെന്ന ബഹു. കേരളാ ഹൈക്കോടതിയുടെ ഒ.പി. നമ്പർ 12774/97 ലെ ഉത്തരവിന്റെ വെളിച്ച ത്തിൽ കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി 01.01.2013 മുതൽ കേരള ത്തിലെ എല്ലാത്തരം സ്റ്റേജ് ക്യാരേജുകൾ ക്കും റണ്ണിംഗ് ടൈം പുനർനിർണ്ണയിക്കുക യുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് മോട്ടോർ വാഹന വകുപ്പ് കേരളത്തിലെ സ്റ്റേജ് ക്യാരേജുകൾക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതും, നിലവിലുള്ളവ പുതുക്കി നൽകുന്നതും. ആയതിനാൽ കുറഞ്ഞ റണ്ണിംഗ് ടൈമാണ് സ്റ്റേജ് ക്യാരേജുകൾക്ക് നിലവിലുള്ളതെന്ന പരാമർശം വസ്തുതാപരമല്ല.</td></tr>
<tr><td>(ഡി)</td><td>ഉണ്ടെങ്കിൽ 'റണ്ണിംഗ് സമയത്തിൽ' ഇളവുവരുത്തുന്ന കാര്യം പരിഗ ണിക്കുമോ ?</td></tr>
</table>

സെക്ഷൻ ഓഫീസർ